വക്കീൽ ഗവൺമെൻറിലേയ്ക്ക് എഴുതുകയോ അതിന്റെ അടിസ്ഥാനത്തിൽ ഈ കേസ്സിൽ അപ്പീൽ കൊടുക്കേണ്ടതില്ലെന്ന് ഗവൺമെൻറ് അങ്ങോട്ട് നിർദ്ദേശം കൊടുത്തതായോ ഗവൺമെൻറിന്റെ ഫയലിൽ കാണുന്നില്ല. അങ്ങനെ ഒരു ഫയലും ഇപ്പോഴും ഗവൺമെൻറിന്റെ കയ്യിൽ ഇല്ല. ഏതായാലും ഇങ്ങനെയൊരു കേസ് വന്നു. ഹൈക്കോടതിയിൽനിന്നും ഞാൻ പറഞ്ഞതുപോലെ 15—4—1981—ൽ ആ നിയമത്തിനെതിരായി വിധിയുണ്ടായി. ഈ കേസ്സിനെതിരായി ന്യൂസ് പ്രിൻറ് ഫാക്ടറി സുപ്രീം കോടതിയിൽ അപ്പീലിനു പോയി. ആ അപ്പീൽ വാദം നടക്കുന്ന അവസരത്തിൽ ഗവൺമെൻറ് അതിൽ H.P.C. യുടെ ഭാഗം ചേർന്ന് ആറാം വകുപ്പ് നിലനിറുത്തുന്നതിനുവേണ്ടി, ഗവൺമെൻറിനുവേണ്ടി ഹാജരായ വക്കീൽ സുപ്രീം കോടതിയിൽ വാദിക്കുകയും, ആ വാദം സുപ്രീം കോടതി രേഖപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ആറാം വകുപ്പ് സംരക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. സർ, ഞാൻ എല്ലാ കാര്യവും പറഞ്ഞു. സുപ്രീം കോടതിയുടെ ജഡ്ജ്മെൻറ് വന്നത് 16—4—1986—ലാണ്. ഞാൻ പറഞ്ഞുവന്നതിന്റെ അർത്ഥം, പഴയ കാര്യത്തെക്കുറിച്ച് അന്വേഷിക്കാനാണെങ്കിൽ ഈ പറഞ്ഞ കാര്യം ഗവൺമെൻറ് ഫയലുകളിൽ ഒന്നിലും കാണുന്നില്ല. പിന്നെ അന്ന് ഹാജരായ വക്കീലിനോട് ചോദിക്കാമെന്നുവച്ചാൽ, അദ്ദേഹം ഇപ്പോഴും ജീവിച്ചിരിപ്പില്ല. ഈ കേസ്സിന്റെ പ്രസക്തമായ ഭാഗം എന്താണെന്നുവച്ചാൽ, ഈ തീരുമാനം വിവേചനപരമാണെന്നും അതുകൊണ്ട് ആറാം വകുപ്പ് നിലനിൽക്കുമ്പോഴും മറ്റുള്ള വകുപ്പുകളുടെ താൽപ്പര്യം അപകടത്തിലാകും എന്നതായിരിക്കാം. ആറാം വകുപ്പും അതിനോടനുബന്ധിച്ചുള്ള നോട്ടിഫിക്കേഷനുകളും റദ്ദാക്കണമെന്നാണ് വാദഗതി ഉയർന്നു വന്നിരുന്നതെങ്കിൽ ഒരുപക്ഷേ ആറാം വകുപ്പിന്റെ പിന്നാലെ പോയി ഈ നോട്ടിഫിക്കേഷനു അപകടം വരുത് എന്നതിന്റെ അടിസ്ഥാനത്തിൽ വാദിക്കാം. പക്ഷെ എങ്ങനെ വാദിച്ചിരിക്കുമെന്ന്, രൂപമില്ല. ഏതായാലുംശരി 6—ാം വകുപ്പ് ന്യൂസ് പ്രിൻറ് ഫാക്ടറിക്ക് പ്രത്യേകമായിട്ട് വില കുറച്ചുകൊടുക്കാൻ ഗവൺമെൻറിന് അധികാരം നൽകുന്ന ഒരു വകുപ്പാണ്. ആ വകുപ്പു നിലനിൽക്കേണ്ടതിന് നിയമം പാസ്സാക്കി എടുത്ത നിലയിൽ നമുക്ക് അത് ആവശ്യവുമാണ്. പക്ഷെ അന്നത്തെ സാഹചര്യമെന്താണെന്ന് നമുക്ക് ഊഹിക്കാൻ കഴിയാത്തതുകൊണ്ട് എന്തടിസ്ഥാനത്തിലാണ് ഗവൺമെൻറ് വക്കീൽ കോടതിയിൽ ആ നിലപാട് സ്വീകരിച്ചതെന്ന് ഇപ്പോഴും പറയാൻ സാധ്യമല്ല. ഗവൺമെൻറിന്റെ ഫയലുകളിൽ ഇതൊന്നും വ്യക്തമല്ല. അങ്ങനെയൊരു നിർദ്ദേശം ഗവൺമെൻറ് കൊടുത്തില്ല. മറ്റൊരു അപ്പീൽ കൊടുത്ത അവസരത്തിൽ ആണെങ്കിൽപ്പോലും ഗവൺമെൻറിനുവേണ്ടി ഹാജരായ വക്കീൽ, ഈ ആറാം വകുപ്പ് നില നിൽക്കുന്നതിന് അനുകൂലമായ നിലപാട് സുപ്രീം കോടതിയിൽ സ്വീകരിച്ചതുകൊണ്ടുകൂടിയാണ് സുപ്രീം കോടതി അതിന് അനുകൂലമായ നിലപാട് സ്വീകരിച്ചതും ജഡ്ജ്മെൻറ് വന്നിട്ടുള്ളതും.

IV. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട്

10 A.M.]

ശ്രീ. എം. എം. ഹസ്സൻ: സർ, അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 26—ാമത് റിപ്പോർട്ട് ഞാൻ സഭയിൽ വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly